## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1128** **30.10.2019 ൽ മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ ബോധവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങളും ക്യാമ്പസ്സുകളും കേന്ദ്രീകരിച്ച് ലഹരി-മയക്കമരുന്ന്-കഞ്ചാവ് മാഫിയകൾ ശക്തമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി മരുന്ന് മാഫിയകളെ കണ്ടെത്തുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങളും ക്യാമ്പസ്സുകളും കേന്ദ്രീകരിച്ചുള്ള ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുന്നു. കൂടാതെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പിടിഎ യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ വിവരങ്ങൾ ശേഖരിച്ച് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ഒരു സ്കൂളിന്റെ നിരീക്ഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും ഈ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നതും, ടി സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾ വഴിയും മൊബൈൽ ആപ്പ് വഴിയും ലഭിക്കുന്ന പരാതികൾ കേന്ദ്രീകൃതമായി പരിശോധന നടത്തി നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. |
| (ബി) | പ്രസ്തുത മാഫിയകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | | |
| (സി) | വിദ്യാലയങ്ങളിലും ക്യാമ്പസ്സുകളിലും ഇവർക്കെതിരായ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ; | (സി) | ലഹരി മാഫിയയ്ക്കെതിരെ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലഹരിക്കെതിരായി ബോധവൽക്കരണം ശക്തമാക്കുന്നതിനും ,ലഹരിക്കെതിരായി കായികമേളകളും, സാംസ്കാരിക പരിപാടികളും ഗ്രാമങ്ങളിലുൾപ്പെടെ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ബോധവൽക്കരണ പ്രവർത്തനം ശക്തമാക്കുന്നതിനായി 14 ജില്ലയിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ വിമുക്തി മാനേജർമാരായി നിയമിച്ച് ജില്ലാ തല ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വരുന്നു. ഓണം വാരാഘോഷം, തൃശ്ശൂർ പൂരം, ബീമാപ്പള്ളി ഉറൂസ്, മാരാമൺ കൺവൻഷൻ, വസന്തോത്സവം, പേരാമ്പ്ര ഫെസ്റ്റ്, അന്തർദ്ദേശീയ ചലച്ചിത്രമേള, സംസ്ഥാന സ്കൂൾ കലോത്സവം, ആറ്റുകാൽ പൊങ്കാല എന്നിങ്ങനെ കേരളത്തിലെ പ്രധാന സാമൂഹ്യ സാംസ്കാരിക പരിപാടികളിലെല്ലാം വിമുക്തി പവലിയനുകൾ സജ്ജീകരിച്ച് മികച്ച പൊതുജന ശ്രദ്ധയും മാധ്യമശ്രദ്ധയും നേടിയിട്ടുണ്ട്.<br>യുവാക്കളെയും വിദ്യാർത്ഥികളെയും ലഹരിയോടുള്ള താത്പര്യത്തിലേയ്ക്ക് കടക്കാതെ കായിക വിഷയങ്ങളിൽ താത്പര്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ ഫുട്ബാൾ, വോളീബാൾ, ബാഡ്മിന്റൺ ബാറ്റ്, ക്രിക്കറ്റ് ബാറ്റും ബോളും എന്നിങ്ങനെ സ്പോർട്സ് ഉപകരണങ്ങളും മഹാരഥന്മാരുടെ ജീവചരിത്രമടക്കം പുസ്തകങ്ങളും വിതരണം ചെയ്തിട്ടുള്ളതും അട്ടപ്പാടിയിലെ ആദിവാസി യുവാക്കളെ ഉൾപ്പെടുത്തി വിമുക്തിയുടെ ഭാഗമായി കായിക ടീമുകൾ രൂപീകരിച്ച് പരിശീലനം നടത്തുകയും ചെയ്യുന്നുണ്ട്.<br>തീരദേശ മേഖലകളിൽ ബോധവത്കരണ ക്ലാസുകൾ, ഫുട്ബോൾ മത്സരം, ഡ്രൈവിങ്ങ് പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, കരിയർ ഗൈഡൻസ്, തീരദേശ ലൈബ്രറികൾക്ക് പുസ്തക വിതരണം എന്നിവ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ